# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1127

30-09-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ :<br>ഡോ. എം.കെ.മുനീർ :<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. പാറക്കൽ അബ്ദുല്ല : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട കുളച്ചൽ തുറമുഖ പദ്ധതി യാഥാർത്ഥ്യമായാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് ഉണ്ടാകാവുന്ന ഭീഷണികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) പരിശോധിച്ചിട്ടുണ്ട്. വിഴിഞ്ഞം തീരത്ത് നിന്ന് കേവലം 30 കിലോ മീറ്റർ ദൂരത്തുള്ള ഇനയം തുറമുഖം യാഥാർത്ഥ്യമായാൽ തുറമുഖങ്ങൾ തമ്മിലുള്ള മത്സരത്തിന് വഴി ഒരുക്കും . ഇത് 2 പദ്ധതികളുടെയും സാമ്പത്തികമായ സാധ്യതകളെ (Financial viability) സാരമായി ബാധിക്കാനും സാധ്യതയുണ്ട്.<br>2016 ജൂലൈ 5-ാം തീയതി കേന്ദ്ര സർക്കാറിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ കേന്ദ്രമന്ത്രി സഭ തീരുമാനം വിശദമാക്കിയിട്ടുള്ള കുറിപ്പ് പ്രകാരം കുളച്ചലിന് അടുത്തുള്ള ഇനയം തുറമുഖ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി മനസ്സിലാക്കുന്നു. പ്രസ്തുത കുറിപ്പ് പ്രകാരം ഇനയം തുറമുഖ പദ്ധതിക്കായി ഒരു പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിക്കുമെന്നും ആ കമ്പനിയിൽ മേജർ തുറമുഖങ്ങളായ ചെന്നൈ പോർട്ട് ട്രസ്റ്റ് , വി.ഒ.സി പോർട്ട് ട്രസ്റ്റ് (തൂത്തുക്കുടി), കാമരാജർ പോർട്ട് ലിമിറ്റഡ് (എണ്ണൂർ) എന്നിവയുടെ ഓഹരി പങ്കാളിത്തം ഉണ്ടാകുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്കളും അഭിപ്രായങ്ങളും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; അതിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) മേൽപ്പറഞ്ഞ സാമ്പത്തിക സാധ്യതകളിലെ ഇടിവും സംസ്ഥാനത്തിന്റെ ആശങ്കകളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട തുറമുഖ വകുപ്പ് മന്ത്രിയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ ആശങ്ക അറിയിച്ചു. വിഴിഞ്ഞത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു. |

| | |
|---|---|
| (സി) വിഴിഞ്ഞം ഉറമുഖ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; പ്രസ്തുത കാലപരിധിക്കുള്ളിൽ പൂർത്തിയാക്കി, പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) കരാർപ്രകാരം പദ്ധതി പൂർത്തികരിക്കാൻ അനുവദിച്ചിട്ടുള്ള കാലയളവ് 4 വർഷമാണ് (1465 ദിവസം) അതനുസരിച്ച് 2019 ഡിസംബർ 4-ാം തീയതി പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ കൺസഷണയർ പദ്ധതിയുടെ പൂർത്തികരണത്തിനായി ഒരു ആയിരം ദിന ഉത്സുക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**